# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 301 | 02.03.2020 ൽ മറുപടിയ്ക്ക്

## ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാരം

| ചോദ്യം<br>ശ്രീ. വി. അബ്ദുറഹിമാൻ | | ഉത്തരം<br>ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) സപ്ലൈകോ സ്ഥാപനങ്ങളും റേഷൻ കടകളും വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന വിശദാംശം ലഭ്യമാക്കുമോ; | (എ) | സപ്ലയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഭക്ഷ്യധാന്യങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഉള്ളതാണെന്നും ഉറപ്പ് വരുത്തിയ ശേഷമാണ് സ്വീകരിക്കുന്നത്. ഇതിനാവശ്യമായ പരിശോധന സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും ഒരുക്കിയിട്ടുണ്ട്. രാസപരിശോധന ആവശ്യമുള്ള സന്ദർഭങ്ങളിൽ CFRD (Council for Food Research and Development), RAL (Regional Analytical Lab), മറ്റ് NABL (National Accreditation Board for Testing and Calibration Laboratories) Accredited Lab-കൾ എന്നിവയിൽ സാമ്പിളുകൾ അയച്ച് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഗോഡൗണിൽ ശാസ്ത്രീയമായി സംഭരിക്കുന്ന ഭക്ഷ്യ വസ്തുക്കളിൽ ആവശ്യമെങ്കിൽ കീടനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000/ HACCP/ AGMARK/ FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലേയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സപ്ലൈകോ വില്പനശാലകളിൽ നിന്ന് ഏകദേശം 20-ളം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് CFRD (Council for Food Research and Development)-ൽ ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര |

| | | | |
|---|---|---|---|
| | | | നിയന്ത്രണസംവിധാനവും നിലവിലുണ്ട്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന വസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽ നിന്നും പിൻവലിക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സപ്ലൈയർക്കെതിരെ വിലക്ക്, പിഴചുമത്തൽ അടക്കമുള്ള കർശന നടപടികളും സ്വീകരിച്ചു വരുന്നു.<br>റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളിൽ പുഴുക്കലരി, പച്ചരി, ഗോതമ്പ് എന്നിവ എഫ് സി ഐ (Food Corporation of India)-യിൽ നിന്ന് വിട്ടെടുക്കുമ്പോൾ ക്വാളിറ്റി അഷ്വറൻസ് ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ, ഡിപ്പോ മാനേജർ എന്നിവരടങ്ങുന്ന ടീം പരിശോധിച്ച് ശരാശരി ഗുണനിലവാരം ആണെന്ന് ഉറപ്പുവരുത്തുന്നു. ഇപ്രകാരം സ്വീകരിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള ഗോഡൗണുകളിൽ ശാസ്ത്രീയമായി സംഭരിച്ച് വിതരണം നടത്തുന്നു. ആവശ്യമെങ്കിൽ കീടനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. റേഷൻ കടകൾ വഴി വിതരണം നടത്തുന്ന കുത്തരി, മില്ലുകളിൽ കൃഷി ഓഫീസർമാരുടെ നേതൃത്വത്തിലുള്ള ക്വാളിറ്റി അഷ്വറൻസ് ടീം പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു. ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള ഗോഡൗണിൽ എത്തുന്ന കുത്തരി, എൻ എഫ് എസ് എ ജൂനിയർ മാനേജർ (ക്യൂഎ) പരിശോധിക്കുകയും സ്വീകരിക്കുന്നതിന് മുമ്പ് കേന്ദ്രസർക്കാർ അനുശാസിക്കുന്ന ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. |
| (ബി) | പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെയും മറ്റു സാധനങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിന് മോണിറ്ററിംഗ് ശക്തമാക്കുന്നതിനും ആധുനിക | (ബി) | പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് വിവിധ ഘട്ടങ്ങളിലുള്ള പരിശോധനകളിലൂടെ മോണിട്ടറിംഗ് നടത്തുന്നുണ്ട്. എഫ് സി ഐ (Food Corporation of India)-യിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വിട്ടെടുക്കുന്നതിന് മുമ്പായി എൻ എഫ് എസ് എ ക്വാളിറ്റി അഷ്വറൻസ് ഓഫീസർ, |

| | | | |
|---|---|---|---|
| | സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | | താലൂക്ക് സപ്ലൈ ഓഫീസർ, ഡിപ്പോ മാനേജർ എന്നിവർ പരിശോധിച്ച് ഫെയർ ആവറേജ് ക്വാളിറ്റി ആണെന്ന് ഉറപ്പ് വരുത്തുന്നു. ഇങ്ങനെ ഗുണനിലവാരം ഉറപ്പാക്കിയ ഭക്ഷ്യധാന്യങ്ങൾ റേഷനിംഗ് ഇൻസ്പെക്ടറുടെ നിരീക്ഷണത്തിൽ വിട്ടെടുക്കുന്നു. അരി മില്ലുകളിൽ നിന്നും അഗ്രിക്കൾച്ചർ ഓഫീസർമാരുടെ നേതൃത്വത്തിലുള്ള ടീം ഗുണനിലവാരം പരിശോധിച്ചുറപ്പിച്ച കുത്തരി, ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള ഗോഡൗണുകളിലെത്തുമ്പോൾ എൻ എഫ് എസ് എ ജൂനിയർ മാനേജർ (ക്യൂഎ) പരിശോധിക്കുന്നു. ഇപ്രകാരം എഫ് സി ഐ-യിൽ നിന്നും അരി മില്ലുകളിൽ നിന്നും സ്വീകരിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള ഗോഡൗണിൽ സൂക്ഷിക്കുമ്പോൾ കൃത്യമായ ഇടവേളകളിൽ ഗുണനിലവാരം മോണിട്ടർ ചെയ്യുന്നുണ്ട്. ഇതിനായി 11 ക്വാളിറ്റി അഷ്വറൻസ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. എല്ലാ ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള ഗോഡൗണുകളും ക്ലോസ്ഡ് സർക്യൂട്ട് ടി വി നിരീക്ഷണത്തിലാക്കുന്നതിനും, ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന വാഹനങ്ങളിൽ ജി പി എസ് ഘടിപ്പിക്കുന്നതിനും, റേഷൻ കടകളിലും വെയിംഗ് ബാലൻസുകൾ ഇ-പോസ് മെഷീനുമായി ബന്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ